# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ: **2390.** **07-10-2016 ൽ മറുപടിയ്ക്ക്**

## കാർഷിക മേഖലയിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

ചോദ്യം

ശ്രീ.പി. ഉണ്ണി

മറുപടി

ശ്രീ. വി.എസ്. സുനിൽകുമാർ

(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2011 ജൂലൈ മുതൽ 2016 മാർച്ച് 31 വരേയും, 2016 ജൂൺ മുതൽ 2016 സെപ്റ്റംബർ 30 വരേയും സംസ്ഥാനത്തെ കാർഷിക മേഖലയിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേന എത്ര തുക ചെലവഴിച്ചുവെന്നും, എന്തെല്ലാം പ്രവർത്തനങ്ങൾക്കാണ് പ്രസ്തുത തുക വിനിയോഗിച്ചതെന്നും വ്യക്തമാക്കുമോ; | (എ) | 2011 ജൂലൈ മുതൽ 2016 മാർച്ച് 31 വരെ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളിലായി ലഭ്യമായ കേന്ദ്ര സംസ്ഥാന ഫണ്ടും, ടി ഫണ്ടുകളിന്മേൽ ലഭിച്ചിട്ടുള്ള പലിശ തുകയും ഉൾപ്പെടെ 149354.15 ലക്ഷം രൂപയും, 2016 ജൂൺ മുതൽ 2016 സെപ്റ്റംബർ 30 വരെ 5526.87 ലക്ഷം രൂപയും വിനിയോഗിച്ച് താഴെ പറയുന്ന വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br>സങ്കരയിനം തെങ്ങിൻ തൈകളുടെ ഉത്പാദനവും വിതരണവും, പ്രാദേശിക തെങ്ങിൻതൈ നഴ്സറികൾ സ്ഥാപിക്കൽ, എണ്ണപ്പന കൃഷി വ്യാപനം, സബ് മിഷൻ ഓൺ അഗ്രിക്കൾച്ചർ മെക്കനൈസേഷൻ, നെൽ കൃഷി വികസനം, കാർഷിക യന്ത്രവത്ക്കരണം, ദേശീയ നീർത്തടാധിഷ്ഠിത വികസനം, നാഷണൽ ഇ-ഗവേണൻസ് പദ്ധതി, ചെറുകിട തെങ്ങിൻ തോട്ടങ്ങളിൽ സമ്മിശ്രകൃഷി നടപ്പിലാക്കു ന്നതിനുള്ള പദ്ധതി, കാർഷിക യന്ത്രവത്ക്കരണം-പ്രോത്സാഹനം, ശാക്തീകരണം, ദേശീയ ബയോഗ്യാസ് പദ്ധതി, പോസ്റ്റ് ഹാർവെസ്റ്റ് ടെക്നോളജി & മാനേജ്മെന്റ്, വൃഷ്ടിപ്രദേശ വികസനം, കാർഷിക വിജ്ഞാന വ്യാപനത്തിനും സാങ്കേതിക വിദ്യയ്ക്കുമുള്ള ദേശീയ മിഷൻ - ആത്മ, വിത്തിനും നടീൽ വസ്തുക്കൾക്കുമുള്ള ഉപപദ്ധതി, മണ്ണിന്റെ ആരോഗ്യ സംരക്ഷണം, ഓൺ ഫാം വാട്ടർമാനേജ്മെന്റ് തുടങ്ങിയവയും, RKVY മുഖാന്തിരം കാർഷിക മേഖല |

| | | | |
|---|---|---|---|
| | | | യിൽ ഉത്പാദനം വർദ്ധിപ്പിക്കുക വഴി രാജ്യത്തിന്റെ വളർച്ചാനിരക്ക് കൂട്ടുന്നതിന് സഹായകരമായ പദ്ധതികൾക്കുമാണ് തുക ചെലവഴിച്ചത്. കൂടാതെ നാഷണൽ ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരം ഹോർട്ടിക്കൾച്ചർ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെടുത്തുന്നതിനായി എത്ര പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടെന്ന വിവരം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; ഇതിൽ എത്ര പ്രൊപ്പോസലുകൾ 2016-17 വർഷത്തിൽ അംഗീകരിച്ചുകിട്ടുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് അയച്ചിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ? | (ബി) | 2016 വർഷത്തിൽ ആർ.കെ.വി.വൈ.യിൽ ഉൾപ്പെടുത്തുന്നതിന് സംസ്ഥാന തലത്തിൽ 27 പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 26 എണ്ണം കേന്ദ്രസർക്കാരിന്റെ പ്രതിനിധികൾ ഉൾപ്പെടുന്ന സ്റ്റേറ്റ് ലെവൽ സാങ്ഷനിംങ് കമ്മിറ്റി (എസ്.എൽ.എസ്.സി.) അംഗീകരിച്ചിട്ടുണ്ട്.<br>ഇവയിൽ 11 എണ്ണം സംസ്ഥാനതല പ്രോജക്ടുകളും 15 എണ്ണം താഴെകൊടുക്കും പ്രകാരം ജില്ലാതലത്തിൽ ഉള്ളവയുമാണ്.<br>തിരുവനന്തപുരം - 3<br>കൊല്ലം - 1<br>കോട്ടയം - 1<br>എറണാകുളം - 1<br>ഇടുക്കി - 2<br>പാലക്കാട് - 1<br>മലപ്പുറം - 2<br>കണ്ണൂർ - 3<br>കാസർകോഡ് - 1 |

Sd/-

സെക്ഷൻ ഓഫീസർ